# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3910</u> — <u>27.06.2012-ൽ മറുപടിക്ക്</u>

## <u>സ്വകാര്യ ആശുപത്രികൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.പി.ഉബൈദുള്ള : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം അത്യാവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) രോഗികളെ വിവിധ തരത്തിൽ ചൂഷണം ചെയ്ത് ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഇത്തരം സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാനും അവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും പ്രത്യേക സംവിധാനങ്ങൾ കൊണ്ടുവരുമോ ;<br>(സി) രജിസ്ട്രേഷൻ, ഫീസ് ഏകീകരണം,മെച്ചപ്പെട്ട ആരോഗ്യസേവനം, തൊഴിലാളികൾക്കുള്ള മാന്യമായ വേതനം എന്നിവ ഉറപ്പുവരുത്തുന്നതിന് പ്രത്യേകനിയമങ്ങൾ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ ? | <u>(ബി) & (സി) :</u><br>സംസ്ഥാനത്ത് ഒട്ടാകെയുള്ള സ്വകാര്യ മേഖലയിലെ ആശുപത്രികളെയും മറ്റ് ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേക്കായി ' ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ' തയ്യാറാക്കി നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് വിട്ടിരിക്കുകയാണ്. പ്രസ്തുത വകുപ്പുകളുടെ ഉപദേശം കിട്ടുന്ന മുറയ്ക്ക് ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |